(സി) ഈ കമ്മിറ്റി ഏതെങ്കിലും പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചു പൂട്ടാൻ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര എണ്ണം പൂട്ടി; ഇനി എത്ര എണ്ണം പൂട്ടാനുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എന്റർപ്രൈസ് റിഫോംസ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്; വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്; ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരളാ സിറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കേരളാ കൺസ്ട്രക്ഷൻ കമ്പോണന്റ്സ്, മെട്രോപൊളിറ്റൻ എൻജിനീയറിംഗ് കമ്പനി, കെൽട്രോൺ റെക്ടിഫയേഴ്സ്, സ്കൂട്ടേഴ്സ് കേരളാ ലിമിറ്റഡ്, കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒലവക്കോട് യൂണിറ്റ് എന്നിവയാണ് അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ. പൂട്ടുന്നതിനായി തീരുമാനമെടുത്ത മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നുമില്ല.

മലബാർ സിമന്റ്സിൽ നവീകരണം

3 [1286] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ വാളയാറിലെ സിമന്റ് മിൽ നവീകരണം സംബന്ധിച്ച് കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയ്ക്കാണ് കരാർ നൽകിയിരിക്കുന്നത്;

(ബി) പ്രസ്തുത നവീകരണത്തിനായി ആർക്കാണ് കരാർ നൽകിയിരിക്കുന്നത്; എത്ര പേരാണ് ടെണ്ടർ സമർപ്പിച്ചത്; അവർ ആരെല്ലാമാണ്;

(സി) ടെണ്ടർ സമർപ്പിച്ച ഓരോരുത്തരും എത്ര രൂപയുടെ നിരതദ്രവ്യം (ഇ.എം.ഡി.) കെട്ടിവച്ചിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) ടെണ്ടറിനൊപ്പം സമർപ്പിക്കപ്പെട്ട ഓരോരുത്തരുടേയും നിരതദ്രവ്യത്തിന്റെ (ഇ.എം.ഡി.) ഡി. ഡി. നമ്പരും, തീയതിയും വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത നിരതദ്രവ്യം ഏത് ബാങ്കിൽ ഏത് തീയതിയിലാണ് മലബാർ സിമന്റ് കമ്പനി നിക്ഷേപിച്ചത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്; നികുതികളടക്കം മൊത്തം 1153 കോടി രൂപയ്ക്കാണ് കരാർ നൽകിയിരിക്കുന്നത്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ന്യൂഡൽഹി ആസ്ഥാനമായുള്ള എനക്സ്ക്കോ ടെക്നോളജീസ് ഇൻഡ്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്; ഈ ഒരു സ്ഥാപനം മാത്രമെ ടെണ്ടർ സമർപ്പിച്ചുള്ളൂ.

(സി) ടെണ്ടർ സമർപ്പിച്ച എനക്സ്ക്കോ ടെക്നോളജീസ് ഇൻഡ്യാ ലിമിറ്റഡ് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിരുന്ന നിരതദ്രവ്യമായ 1 ലക്ഷം രൂപ കെട്ടിവച്ചിരുന്നു.

(ഡി) കാനറാ ബാങ്കിൽ നിന്നെടുത്ത 2-9-2003-ലെ 289642 എന്ന നമ്പറിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ് വഴിയാണ് എനക്സ്ക്കോ ടെക്നോളജീസ് ഇൻഡ്യാ ലിമിറ്റഡ് നിരതദ്രവ്യം സമർപ്പിച്ചത്.

(ഇ) മലബാർ സിമന്റ്സ് കമ്പനിയുടെ ലീഡ് ബാങ്കായ എസ്.ബി.ടി-യിൽ 29-9-2003-ൽ നിരതദ്രവ്യം ഡെപ്പോസിറ്റ് ചെയ്തു.

കെല്ലിന്റെ യൂണിറ്റുകൾ

4 [1291] ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെല്ലിന്റെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) ഓരോ യൂണിറ്റിലും എത്ര ജീവനക്കാർ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ജീവനക്കാർ കഴിഞ്ഞ 5 വർഷത്തിനിടയിൽ വി.ആർ.എസ്. എടുത്തു;

(ഡി) ഇവരിൽ ഉയർന്ന ശമ്പളം ലഭിച്ചിരുന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) കെല്ലിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ എത്ര ഓർഡറുകൾ കഴിഞ്ഞ 8 വർഷത്തിനിടയിൽ ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഏതെങ്കിലും ഓർഡറുകൾ കെല്ലിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കെല്ലിന്റെ 5 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കുണ്ടറ (കൊല്ലം), മാമല (എറണാകുളം), ഒലവക്കോട് (പാലക്കാട്), കാസർഗോഡ്, എടരിക്കോട് (മലപ്പുറം) എന്നിവിടങ്ങളിൽ യൂണിറ്റും, എറണാകുളത്ത് കോർപ്പറേറ്റ് ഓഫീസും പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly